പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6267 — 10.07.2012 ൽ മറുപടിയ്ക്ക്

## ഗുരുതരമായ രോഗികൾക്കുള്ള ക്ഷേമ പെൻഷൻ

**ചോദ്യം** — **ഉത്തരം**

ശ്രീ. ജോസ് തെറ്റയിൽ

**ഡോ. എം.കെ. മുനീർ**
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ക്യാൻസർ പെൻഷൻ, ക്ഷയ രോഗ പെൻഷൻ, കുഷ്ഠരോഗ പെൻഷൻ തുടങ്ങിയക്ഷേമ പെൻഷനുകൾ അനുവദിക്കുന്ന കാര്യത്തിൽ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെന്നും , വരുമാനപരിധി എത്രയെന്നും വിശദമാക്കുമോ ; | (എ) | സൂചിപ്പിച്ച രോഗികൾക്കുള്ള പെൻഷൻ സാമൂഹ്യക്ഷേമ വകുപ്പു മുഖാന്തിരമല്ല നൽകുന്നത്. എങ്കിലും, ഏതെങ്കിലും പദ്ധതികൾ പ്രകാരം ധനസഹായം/പെൻഷൻ ലഭിക്കാത്തവരും സൗജന്യ താമസവും ചികിൽസയും ലഭിക്കുന്ന സർക്കാർ ആശുപത്രികളിലോ അംഗീകൃത സ്ഥാപനങ്ങളിലോ പ്രവേശിക്കപ്പെട്ടിട്ടില്ലാത്തവരും, കുടുംബ വാർഷിക വരുമാനം 2400/- രൂപ കവിയാത്തവരും, പ്രസ്തുത ധനസഹായം അപേക്ഷിക്കുന്നതിന് മുൻപ് തുടർച്ചയായി 2 വർഷം കേരളത്തിൽ സ്ഥിര താമസക്കാരായവർക്കുമായി ആരോഗ്യവകുപ്പ് പെൻഷൻ പദ്ധതി ആവിഷ്കരിച്ച് റവന്യൂ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. ധനസഹായം ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റോടുകൂടി ബന്ധപ്പെട്ട വില്ലേജാഫീസർക്ക് സമർപ്പിക്കണം. വില്ലേജാഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തഹസീൽദാരാണ് ധനസഹായം അനുവദിക്കുന്നത്. |
| (ബി) | നിലവിലുള്ള വരുമാന പരിധിയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താത്തതിനാൽ അർഹരായ രോഗികൾക്ക് ഈ പെൻഷൻ ലഭ്യമാകുന്നതിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) യും (സി) യും | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. |
| (സി) | എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ